സൂറഃ-9

# അത്തൗബ

5. ആകയാല്‍ യുദ്ധം വിലക്കപ്പെട്ട മാസങ്ങള്‍ പിന്നിട്ടാല്‍ ബഹുദൈവാരാധകരെ എവിടെ കണ്ടാലും വധിച്ചുകൊള്ളുക. അവരെ പിടിച്ചു കെട്ടിക്കൊള്ളുക. ഉപരോധിച്ചുകൊള്ളുക. മര്‍മ സ്ഥാനങ്ങളിലൊക്കെയും അവര്‍ക്കെതിരെ പതിയിരുന്നു കൊള്ളുക. എന്നാല്‍ കരാര്‍ ലംഘനത്തിലും ധര്‍മനിഷേധത്തിലും പശ്ചാത്തപിക്കുകയും മുറപ്രകാരം നമസ്കരിക്കുകയും സകാത്ത് കൊടുക്കുകയും ചെയ്യുന്നവരെ അവരുടെ വഴിക്ക് വിട്ടേക്കണം. അല്ലാഹു തീര്‍ച്ചയായും ഏറെ പൊറുക്കുന്നവനും കരുണാമയനുമാകുന്നു.

فَإِذَا ٱنسَلَخَ ٱلْأَشْهُرُ ٱلْحُرُمُ فَٱقْتُلُوا۟ ٱلْمُشْرِكِينَ حَيْثُ وَجَدتُّمُوهُمْ
وَخُذُوهُمْ وَٱحْصُرُوهُمْ وَٱقْعُدُوا۟ لَهُمْ كُلَّ مَرْصَدٍ ۚ فَإِن تَابُوا۟
وَأَقَامُوا۟ ٱلصَّلَوٰةَ وَءَاتَوُا۟ ٱلزَّكَوٰةَ فَخَلُّوا۟ سَبِيلَهُمْ ۚ إِنَّ ٱللَّهَ غَفُورٌ رَّحِيمٌ ﴿٥﴾

فَإِذَا ٱنسَلَخَ = ഊരിപ്പോയാല്‍, പിന്നിട്ടാല്‍ ٱلْأَشْهُرُ ٱلْحُرُمُ = ആദരണീയ മാസങ്ങള്‍ (യുദ്ധം വിലക്കപ്പെട്ട മാസങ്ങള്‍)

فَٱقْتُلُوا۟ = നിങ്ങള്‍ വധിച്ചുകൊള്ളുക ٱلْمُشْرِكِينَ = (കരാറുണ്ടാക്കിയിട്ട് നിങ്ങളെ ചതിച്ച) ബഹുദൈവാരാധകരെ

حَيْثُ وَجَدتُّمُوهُمْ = (എവിടെ കണ്ടാലും) അവരെ നിങ്ങള്‍ കാണുന്ന സ്ഥിതിയില്‍

وَخُذُوهُمْ = (പിടിച്ചു കെട്ടിക്കൊള്ളുക) അവരെ പിടിക്കുക وَٱحْصُرُوهُمْ = അവരെ ഉപരോധിച്ചുകൊള്ളുക

وَٱقْعُدُوا۟ = നിങ്ങള്‍(പതി) ഇരുന്നുകൊള്ളുക لَهُمْ = അവര്‍ക്കെതിരെ كُلَّ مَرْصَدٍ = എല്ലാ മര്‍മസ്ഥാനങ്ങളിലും

فَإِن تَابُوا۟ = (കരാര്‍ലംഘനത്തിലും ധര്‍മനിഷേധത്തിലും പശ്ചാത്തപിക്കുകയും) അവര്‍ മടങ്ങിയാല്‍

وَأَقَامُوا۟ = അവര്‍ മുറപ്രകാരം നിലനിര്‍ത്തുകയും ٱلصَّلَوٰةَ = (നമസ്കരിക്കുകയും) നമസ്കാരം

وَءَاتَوُا۟ = (ചെയ്യുന്നവരെ) അവര്‍ കൊടുത്തു(ക്കുകയും ٱلزَّكَوٰةَ = സകാത്ത്

فَخَلُّوا۟ = (അവരെ വിട്ടേക്കണം) നിങ്ങള്‍ അവര്‍ക്ക് ഒഴിവാക്കിക്കൊടുക്കുക

سَبِيلَهُمْ = അവരുടെ വഴി(ക്ക്) إِنَّ ٱللَّهَ = തീര്‍ച്ചയായും അല്ലാഹു غَفُورٌ = ഏറെ പൊറുക്കുന്നവനാകുന്നു رَّحِيمٌ = കരുണാമയനുമാകുന്നു

**5:** ഉരിഞ്ഞു, ഊരിയെടുത്തു എന്ന അര്‍ഥത്തിലുള്ള سَلَخَ-യുടെ അകര്‍മകരൂപമാണ് ٱنسَلَخَ. മൃഗങ്ങളുടെ തോലൂരുന്നതിനാണ് സാധാരണ سلخ ഉപയോഗിക്കുക. ഒന്നിനെ അപ്രത്യക്ഷമാക്കി അതിന്റെ തുടര്‍ച്ചയായി മറ്റൊന്നിനെ ഉളവാക്കുന്നതിനും ആലങ്കാരികമായി ഇത് ഉപയോഗിക്കുന്നു. وَءَايَةٌ لَّهُمُ ٱلَّيْلُ نَسْلَخُ مِنْهُ ٱلنَّهَارَ എന്ന ഖുര്‍ആന്‍ വാക്യത്തിനര്‍ഥം 'നാം രാവിനെ അപ്രത്യക്ഷമാക്കി പകലിനെ ഉളവാക്കുന്നു' എന്നാണ്. 'നിഷിദ്ധ മാസങ്ങള്‍ കഴിഞ്ഞുപോയി വേറെ മാസങ്ങള്‍ വന്നാല്‍' എന്നാണ് فَإِذَا ٱنسَلَخَ ٱلْأَشْهُرُ ٱلْحُرُمُ-ന് അര്‍ഥം. നിഷിദ്ധ മാസങ്ങള്‍ എന്നതുകൊണ്ട് ഇവിടെ ഉദ്ദേശിച്ചിട്ടുള്ളത് സാങ്കേതികാര്‍ഥത്തിലുള്ള നിഷിദ്ധ മാസങ്ങളല്ല. ദുല്‍ഖഅദ്, ദുല്‍ഹജ്ജ്, മുഹര്‍റം, റജബ് എന്നിവയാണ് സാങ്കേതികമായ നിഷിദ്ധ മാസങ്ങള്‍. ഈ വിളംബരംതൊട്ടുള്ള നാലു മാസങ്ങളാണ് ഇവിടെ ഉദ്ദേശ്യം. അതായത് ദുല്‍ഹജ്ജ് 10 മുതല്‍ റബീഉല്‍ ആഖിര്‍ 10 വരെയുള്ള കാലം. വിഗ്രഹാരാധകര്‍ ഇസ്‌ലാമിക സമൂഹത്തിന്റെ ഭാഗമാകണമോ അതല്ല അതിനോട് പോരാടണമോ എന്ന് സ്വയം ചിന്തിച്ച് തീരുമാനമെടുക്കാനുള്ള കാലാവധിയാണിത്. ഈ അവധി പൂര്‍ത്തിയായിട്ടും വിഘടിച്ചുനില്‍ക്കുന്നവരോട് സ്വീകരിക്കേണ്ട നടപടിയാണ് തുടര്‍ന്ന് പറയുന്നത്.

ഇവിടെ പറയുന്ന നടപടികള്‍ എല്ലാം ഒരേ അവസരത്തില്‍ സ്വീകരിക്കേണ്ടതോ ഒരേ കൂട്ടരോട് സ്വീകരിക്കേണ്ടതോ

അല്ല. പല സാഹചര്യങ്ങളിൽ പല തരക്കാരോട് സ്വീകരിക്കേണ്ട നാലു സമീപനങ്ങളാണവ. അടിയന്തരമായി നേരിടേണ്ടത് മുസ്‌ലിംകളുമായുള്ള കരാറുകൾ ലംഘിക്കുകയും യുദ്ധസജ്ജരാവുകയും ചെയ്തവരെയാണ്. അത്തരക്കാരെ കണ്ടേടത്തുവെച്ച്-ഹറമിന്റെ പരിധിയിലായാൽ പോലും- സംഹരിക്കണം. മറ്റു നടപടികൾ പ്രത്യക്ഷത്തിൽ ഇസ്‌ലാമിനോട് യുദ്ധത്തിനൊരുമ്പെട്ടിട്ടില്ലാത്ത, എന്നാൽ സത്യനിഷേധവും ഉള്ളിൽ സത്യവിശ്വാസികളോട് ശത്രുതയും പുലർത്തുന്ന വിഭാഗങ്ങളോട് സ്വീകരിക്കേണ്ടതാണ്. ഓരോ നടപടിയും അത് അർഹിക്കുന്നവരോട് അതിന്റെ സമയത്തും സ്ഥാനത്തും സ്വീകരിക്കേണ്ടതാണ്.

خُذُوهم-ന്റെ ഭാഷാർഥം 'അവരെ പിടിക്കുക' എന്നാണ്. പിടിച്ചു തടവിലാക്കുന്നതിനും ഇത് പ്രയോഗിക്കും. തടവുകാരനെ أسير എന്ന പോലെ أخيذ എന്നും പറയാറുണ്ട്. ഉപരോധിക്കുക എന്നതുകൊണ്ട് വിവക്ഷിക്കുന്നത്, മുസ്‌ലിം പ്രദേശങ്ങളിൽ അവരുടെ സ്വൈരവിഹാരം നിയന്ത്രിക്കുക എന്നാണ്. ഇസ്‌ലാമിനും മുസ്‌ലിംകൾക്കുമെതിരെ ശക്തി സംഭരിക്കാനോ സമൂഹത്തിൽ കലാപങ്ങൾ ഇളക്കിവിടാനോ അവരെ അനുവദിക്കരുത്. ശത്രുക്കളെ നിരീക്ഷിക്കാനും പിടികൂടാനും കാത്തിരിക്കുന്ന രഹസ്യ സ്ഥലമാണ് مَرْصد. രാജ്യാതിർത്തികളിലുള്ള നിരീക്ഷണ കേന്ദ്രങ്ങളും ഇതിൽ പെടുന്നു. ഇവിടെ പതിസ്ഥലങ്ങൾ കൊണ്ട് ഉദ്ദേശിച്ചിട്ടുള്ളത് സ്ഥലപരമായ മർമങ്ങൾ മാത്രമല്ല. ശത്രുക്കൾ മുസ്‌ലിംകൾക്കെതിരെ സൈനികനീക്കം നടത്താനിടയുള്ള സ്ഥലങ്ങളിൽ കാവലേർപ്പെടുത്തുന്നതോടൊപ്പം, അവരുടെ ബാഹ്യബന്ധങ്ങളും ഇടപാടുകളും സാമ്പത്തിക പ്രവർത്തനങ്ങളും എല്ലാം നിരീക്ഷിച്ചുകൊണ്ടിരിക്കണമെന്ന ആശയവും وَٱقْعُدُوا۟ لَهُمْ كُلَّ مَرْصَدٍ എന്ന വാക്യം ഉൾക്കൊള്ളുന്നു.

അറേബ്യൻ വിഗ്രഹാരാധകർ അവരുടെ ഇസ്‌ലാംവിരോധത്തിൽനിന്ന് പശ്ചാത്തപിച്ചു മടങ്ങുകയും മുറപ്രകാരം നമസ്കരിക്കുകയും സകാത്ത് കൊടുക്കുകയും ചെയ്യുന്നതുവരെ അവരോടുള്ള ഉപരിസൂചിത സമീപനം തുടരേണ്ടതാണ്. ഇസ്‌ലാമിന്റെ യാഥാർഥ്യം ബോധ്യപ്പെട്ടു കഴിഞ്ഞവരാണവർ. നഗ്നമായ ധർമധിക്കാരമാണ് ഇസ്‌ലാമിനോട് എതിരിടാൻ അവരെ പ്രേരിപ്പിക്കുന്നത്. സത്യം ബോധ്യപ്പെട്ട ശേഷവും അസത്യത്തിൽതന്നെ നിലകൊള്ളുന്നവർ യാതൊരുവിധ അനുഭാവവും അർഹിക്കുന്നില്ല. തങ്ങളുടെ ധർമനിഷേധത്തിൽ പശ്ചാത്തപിക്കുകയും നമസ്കരിക്കുകയും സകാത്ത് കൊടുക്കുകയും, അതായത് ബോധ്യപ്പെട്ട സത്യം അംഗീകരിക്കാനും ആരാധനകളും ആചാരങ്ങളും സാമ്പത്തിക ബാധ്യതകളും നിർവഹിക്കാനും തയാറായാൽ പിന്നെ അവർക്കെതിരെ വധമോ തടവോ ഉപരോധമോ നിരീക്ഷണമോ അതുപോലുള്ള നടപടികളോ ഒന്നും പാടില്ല. അവരുടെ സ്വാതന്ത്ര്യത്തിനും ന്യായമായ പ്രവർത്തനങ്ങൾക്കും തടസ്സം സൃഷ്ടിച്ചുകൂടാ. മുസ്‌ലിംസമൂഹത്തിലെ മറ്റംഗങ്ങൾക്കുള്ള എല്ലാ അവകാശ ബാധ്യതകളും അവർക്കുണ്ടായിരിക്കും.

إِنَّ ٱللَّهَ غَفُورٌ رَّحِيمٌ എന്ന സമാപനവാക്യം സത്യനിഷേധത്തിൽനിന്ന് പശ്ചാത്തപിച്ചു മടങ്ങുന്നവർക്കും, നേരത്തെ അവരോട് യുദ്ധം ചെയ്തിരുന്ന വിശ്വാസികൾക്കുമുള്ള സവിശേഷമായ സന്ദേശമാണ്. നിങ്ങൾ നേരത്തെ എന്തൊക്കെ അക്രമങ്ങളും അധർമങ്ങളും ചെയ്തുപോയിട്ടുണ്ടെങ്കിലും പശ്ചാത്തപിച്ചു മടങ്ങുന്നവർക്ക് അല്ലാഹു അതെല്ലാം പൊറുത്തു കൊടുക്കും. തന്റെ ദാസന്മാരുടെ സകല പാപങ്ങളും പൊറുത്തു കൊടുക്കുന്ന പരമ ദയാലുവാണവൻ. ഇതാണ് തൗബ ചെയ്ത് ഇസ്‌ലാമിലേക്ക് വരുന്നവർക്കുള്ള സന്ദേശം. മുസ്‌ലിംകൾക്കുള്ള സന്ദേശമിതാണ്: നേരത്തെ നിങ്ങളുടെ ശത്രുക്കളായിരുന്നവർ പശ്ചാത്തപിച്ചു മടങ്ങിയതോടെ അല്ലാഹു അവരുടെ പാപങ്ങളെല്ലാം പൊറുത്തു കൊടുത്തിരിക്കുന്നു. ജാഹിലിയ്യത്തിലായിരുന്നപ്പോൾ അവർ നിങ്ങളോട് വളരെ അക്രമങ്ങളും അനീതികളും ചെയ്തിട്ടുണ്ടാകാം. അതൊന്നുമോർത്ത് നിങ്ങളവർക്ക് പ്രയാസമുണ്ടാക്കരുത്. അല്ലാഹു പൊറുത്തുകൊടുത്തവർക്ക് നിങ്ങളും പൊറുത്തുകൊടുക്കണം.

ജസീറത്തുൽ അറബ്-അറേബ്യൻ ഉപദ്വീപ്- പ്രവാചകന്റെ നേതൃത്വത്തിൽ അഖണ്ഡമായ ഒരാദർശ രാഷ്ട്രമായി രൂപപ്പെടുന്ന സാഹചര്യത്തിൽ, ഇസ്‌ലാമിന്റെ യാഥാർഥ്യം നന്നായി ബോധ്യപ്പെട്ടു കഴിഞ്ഞിട്ടും സന്ധിമര്യാദകൾ പോലും ലംഘിച്ചുകൊണ്ട് അധാർമികമായ സ്വാർഥ താൽപര്യങ്ങളാൽ പ്രേരിതരായി ആ ഇസ്‌ലാമിക രാഷ്ട്ര രൂപീകരണത്തെ എതിർത്തുനിന്ന ഒറ്റപ്പെട്ട ഗോത്രങ്ങളോട് കൈക്കൊള്ളാൻ നിർദേശിക്കപ്പെട്ടതാണ് ഈ സൂക്തം അവതരിപ്പിക്കുന്ന സമീപനം. അതുപോലുള്ള സാഹചര്യങ്ങളിൽ എന്നും ഈ സൂക്തത്തിലെ വിധി പ്രസക്തം തന്നെയാകുന്നു. എന്നാൽ ചിലയാളുകൾ ഈ സൂക്തത്തിന്റെ അവതരണ പശ്ചാത്തലത്തെ തികച്ചും അവഗണിച്ചുകൊണ്ട്, ബഹുദൈവവിശ്വാസികളെ എവിടെക്കണ്ടാലും കൊന്നുകളയാനുള്ള കൽപനയായി ഇതിനെ തെറ്റിദ്ധരിച്ചിട്ടുണ്ട്. വിചിത്രമെന്നു പറയട്ടെ, ഖുർആനെ ആക്ഷേപിക്കുന്നവരിൽ മാത്രമല്ല, വിശ്വസിക്കുന്നവരിലും അങ്ങനെ തെറ്റിദ്ധരിച്ചവരുണ്ട്. എത്രത്തോളമെന്നാൽ അവിശ്വാസികളോടും ശത്രുക്കളോടും മാപ്പും സൗമനസ്യവും വിട്ടുവീഴ്ചയും കാണിക്കാൻ കൽപിക്കുന്ന സൂക്തങ്ങളെയെല്ലാം ഈ സൂക്തവും ഇതേ പശ്ചാത്തലത്തിൽ അവതരിച്ച മറ്റു സൂക്തങ്ങളും ദുർബലപ്പെടുത്തിയിരിക്കുന്നു എന്നുവരെ ചിലർ വാദിച്ചുകളഞ്ഞു.

ഒരാൾ മുസ്‌ലിമാണോ അല്ലേ എന്നു തീരുമാനിക്കാനുള്ള മാനദണ്ഡമായി ഫുഖഹാക്കൾ ഈ സൂക്തത്തെ സ്വീകരിച്ചിട്ടുണ്ട്. തൗബ- ജാഹിലീ വിശ്വാസങ്ങളോട് വിടപറയുകയും ഈമാൻ കൈകൊള്ളുകയും- ചെയ്യുകയും മുറപ്രകാരം നമസ്കരിക്കുകയും സകാത്ത് നൽകുകയും ചെയ്യുന്ന എല്ലാവരും മുസ്‌ലിംകളായി പരിഗണിക്കപ്പെടണം. ഈമാനും നമസ്കാരവും സകാത്തുമുണ്ടെങ്കിൽ മറ്റു കുറ്റങ്ങളുടെയും കുറവുകളുടെയും പേരിൽ ഒരാളെ കാഫിറായി കണക്കാക്കരുത്. ഈ മൂന്നു കാര്യങ്ങളിൽ ഏതെങ്കിലും ഒന്നില്ലെങ്കിൽ മറ്റെന്തൊക്കെ ഗുണങ്ങളുണ്ടായാലും അയാൾ മുസ്‌ലിമായി കണക്കാക്കപ്പെടാവതല്ല. മുസ്‌ലിംസമൂഹത്തിൽ അംഗമാണെന്നവകാശപ്പെട്ടുകൊണ്ട് തൗബ ചെയ്യാതെ പൂർവവിശ്വാസങ്ങളും ആചാരങ്ങളും തുടരുകയോ, നമസ്കാരമോ സകാത്തോ ഉപേക്ഷിക്കുകയോ ചെയ്യുന്നവർ വധാർഹരാകുന്നു.

സൂക്തത്തിന്റെ ആദ്യ ഖണ്ഡം പോലെ فَإِن تَابُوا۟ എന്നു തുടങ്ങുന്ന ഖണ്ഡവും അവതരണ പശ്ചാത്തലവുമായി ബന്ധിപ്പിച്ചു മനസ്സിലാക്കുന്നതാണ് ഉചിതം. അങ്ങനെ മനസ്സിലാക്കുമ്പോൾ, മുസ്‌ലിംസമൂഹത്തിലെ ഒരംഗം നമസ്കാരമോ സകാത്തോ ഉപേക്ഷിച്ചാൽ സ്വീകരിക്കേണ്ട ശിക്ഷാ നടപടിയല്ല ഇവിടെ പറയുന്നത്. മുസ്‌ലിംകളോടും ഇസ്‌ലാമിക സംവിധാനത്തോടും യുദ്ധത്തിലേർപ്പെട്ട വിഭാഗങ്ങൾ, തങ്ങൾ ആ നിലപാട് ഉപേക്ഷിച്ചിരിക്കുന്നുവെന്നും ഇസ്‌ലാമിനെ അംഗീകരിച്ചിരിക്കുന്നുവെന്നും അവകാശപ്പെടുമ്പോൾ, ആ അവകാശവാദം അംഗീകരിക്കാനുള്ള മാനദണ്ഡമാണ് പറയുന്നത്. നമസ്കരിക്കാത്തവരെ പിടിച്ചു കൊല്ലണമെന്ന് നിയമമില്ല. അജ്ഞതകൊണ്ടോ അലംഭാവം കൊണ്ടോ മടികൊണ്ടോ മറ്റു കാരണങ്ങൾ

കൊണ്ടോ ഒരാൾ നമസ്കരിക്കാതിരിക്കാം. അത് വലിയ കുറ്റം തന്നെയാണ്. അതിൽനിന്ന് അയാളെ പിന്തിരിപ്പിക്കാൻ ആവശ്യമായ ഉപദേശവും ഉദ്ബോധനവും നൽകുകയാണ് സമൂഹത്തിന്റെ കടമ. നമസ്കരിക്കാതിരിക്കുന്നതോടൊപ്പം നമസ്കാരം അനാവശ്യമാണെന്നും അതുപേക്ഷിക്കുന്നതാണ് ഹിതകരം എന്നും വാദിക്കുമ്പോഴാണ് ശിക്ഷാ നടപടി പ്രസക്തമാകുന്നത്. അത് ഇസ്‌ലാമിന്റെ ഒരു അടിസ്ഥാന സ്തംഭത്തിനെതിരെ ഉയർത്തുന്ന വെല്ലുവിളിയാകുന്നു. മുസ്‌ലിം സമുദായത്തിൽ ആശയക്കുഴപ്പങ്ങൾക്കും അസ്വസ്ഥതകൾക്കും അതു കാരണമാവുകയും ചെയ്യും. അതുകൊണ്ട് അങ്ങനെ വാദിക്കുന്നവർ വധാർഹരാണെന്ന് ഫുഖഹാക്കൾ അഭിപ്രായപ്പെട്ടിട്ടുണ്ട്. അപ്പോഴും ഉപദേശങ്ങളും ഉദ്ബോധനങ്ങളും മറ്റു ശിക്ഷണ നടപടികളും നിഷ്ഫലമാകുമ്പോഴേ ആത്യന്തിക നടപടികളിലേക്ക് കടക്കേണ്ടതുള്ളൂ. ഇസ്‌ലാമിക സമൂഹത്തിൽ സകാത്ത് കൊടുക്കാത്തവനെയും കൊല്ലേണ്ട കാര്യമില്ല. റവന്യൂ റിക്കവറിയിലൂടെ അയാളിൽനിന്നത് പിടിച്ചെടുക്കാവുന്നതേയുള്ളൂ. പക്ഷേ, ഒരു പ്രദേശം അല്ലെങ്കിൽ സംഘം ഒന്നിച്ച് സകാത്ത് നിഷേധിക്കുകയും അതിന്റെ പേരിൽ ഇസ്‌ലാമിക രാഷ്ട്രത്തിൽനിന്ന് വിഘടനത്തിനൊരുമ്പെടുകയുമാണെങ്കിൽ അത് ഈ സൂക്തത്തിന്റെ പരിധിയിൽ പെട്ടതാണ്. അത്തരക്കാരെ ഇസ്‌ലാമിന്റെ ശത്രുക്കളായ രാജ്യദ്രോഹികളായി പരിഗണിക്കുകയും സൈനികമായി നേരിടുകയും വേണം. ഒന്നാം ഖലീഫ അബൂബക്കറി(റ)ന്റെ കാലത്ത് മുസൈലിമ എന്ന വ്യാജ പ്രവാചകന്റെ നേതൃത്വത്തിൽ സകാത്ത് നിഷേധം പ്രഖ്യാപിച്ച യമാമ പ്രദേശത്തുകാരെ അദ്ദേഹം സൈനിക നടപടിയിലൂടെ നേരിട്ടത് ഈ അടിസ്ഥാനത്തിലാണ്. ■